## നിരപ്പ് എന്നത് എന്താണ്

**I. നിരപ്പിനെക്കുറിച്ച് ഒരു അടിസ്ഥാന ഗ്രാഹ്യം നമുക്കുണ്ടായിരിക്കുന്നത് നമുക്ക് സഹായകരമാണ്**

**നിരപ്പിന്റെ**

- ആവശ്യം—ശത്രുത്വം, ശത്രുക്കൾ
- അർഥം—സമാധാനം ഉണ്ടാക്കുക
- ഉപകരണം—ക്രിസ്തു
- മുഖാന്തരം—ക്രൂശ്
- വ്യാപ്തി—സ്വർഗത്തിലും ഭൂമിയിലുമുള്ളതെല്ലാം
- മണ്ഡലം—ഏകശരീരത്തിൽ
- വസ്തുത—നൈതിക വീണ്ടെടുപ്പിനെയും വിശ്വാസത്താലുള്ള നീതീകരണത്തെയും അടിസ്ഥാനമാക്കി ദൈവമുമ്പാകെയുള്ള നമ്മുടെ സ്ഥാനം
- അനുഭവം—ഏകാത്മാവിൽ പിതാവിങ്കലേക്കുള്ള പ്രവേശനം ഉണ്ടായിരിക്കുന്നത്

## നിരപ്പിന്റെ ശുശ്രൂഷകർ

**II. ക്രിസ്തുവിന്റെ സ്ഥാനപതികളെന്ന നിലയിൽ, പുതിയ ഉടമ്പടിയുടെ ശുശ്രൂഷകർ നിരപ്പിന്റെ ശുശ്രൂഷ നിർവഹിക്കുന്നു**

- ക്രിസ്തുവിന്റെ ഒരു സ്ഥാനപതി പ്രപഞ്ചത്തിലെ ഏറ്റവും ഉയർന്ന അധികാരിയായ ദൈവത്തെ പ്രതിനിധീകരിക്കുന്നവനാണ്
- നിരപ്പിന്റെ ശുശ്രൂഷ പാപികളെ ദൈവത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതു മാത്രമല്ല, വിശ്വാസികളെ ദൈവത്തിലേക്ക് പൂർണ്ണമായി കൊണ്ടുവരികയും അവരെ അവനോട് പൂർണ്ണമായി ഒന്നാക്കുകയും ചെയ്യുന്നതാണ്
- മനുഷ്യർ ദൈവത്തോട് പൂർണ്ണമായി നിരപ്പിക്കപ്പെടുന്നതിന് രണ്ട് പടികൾ:
  - ഒന്നാമത്തെ പടി പാപികളെ പാപത്തിൽനിന്നും ദൈവത്തിലേക്ക് നിരപ്പിക്കുന്നതാണ്
  - രണ്ടാമത്തെ പടി സ്വാഭാവിക ജീവനിൽ ജീവിക്കുന്ന വിശ്വാസികളെ ജഡത്തിൽനിന്ന് ദൈവത്തിലേക്ക് നിരപ്പിക്കുക എന്നതാണ്
- നാം നിരപ്പിന്റെ ശുശ്രൂഷ നിർവഹിക്കണമെങ്കിൽ, ക്രൂശിക്കപ്പെട്ട ക്രിസ്തുവുമായി നാം ഏകീഭവിക്കേണ്ടതാവശ്യമാണ്
- നാം ദൈവത്തോട് പൂർണ്ണമായി നിരപ്പിക്കപ്പെടുമ്പോൾ മാത്രമേ നാം പൂർണ്ണമായി രക്ഷിക്കപ്പെടുന്നുള്ളൂ
- നമുക്ക് മറ്റുള്ളവരെ ദൈവത്തിന്റെ അടുക്കലും ദൈവത്തിനുള്ളിലേക്കും കൊണ്ടുവരാൻ കഴിയുന്ന അളവ് എപ്പോഴും അളക്കപ്പെടുന്നത് ദൈവത്തോടുള്ള ബന്ധത്തിൽ നാം എവിടെയാകുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ്; നാം എത്രത്തോളം അവനിലായിരിക്കുന്നുവോ അത്രത്തോളം നമുക്ക് മറ്റുള്ളവരെ അവനിലേക്ക് നിരപ്പിക്കുവാൻ കഴിയും

## ആത്യന്തിക രക്ഷ—നാം നീതിയായിത്തീരുന്നു

**III. നാം ക്രിസ്തുവിൽ ദൈവത്തിന്റെ നീതിയായിത്തീരുന്ന അളവോളം നിരപ്പിന്റെ ശുശ്രൂഷ നമ്മെ ദൈവത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നു**

- നമ്മുടെ പകരക്കാരനായി ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ, ദൈവം അവനെ പാപവാഹകനായി മാത്രമല്ല, പാപം തന്നെയായി കണക്കാക്കി; ഇപ്പോൾ പുനരുത്ഥാനത്തിൽ ക്രിസ്തു ജീവനായി നമ്മിലേക്ക് വരുകയും, ഈ ജീവൻ നമ്മെ ദൈവത്തിന്റെ നീതിയായി സംരചിക്കുവാൻ നമ്മുടെ ഉള്ളിൽ ജീവിക്കുകയും ചെയ്യുന്നു
- ക്രിസ്തുവിൽ ദൈവത്തിന്റെ നീതിയായിത്തീരുന്നത് നമ്മുടെ ആളത്തത്തിൽ ദൈവവുമായി നേരായിരിക്കുന്നതിന്റെ വിഷയമാണ്; ഇത് സുതാര്യവും സ്ഫടികസ്വച്ഛമായ ഒരു ആന്തരിക ആളത്തം—ദൈവത്തിന്റെ മനസ്സിലും ഇച്ഛയിലുമുള്ള ഒരു ആന്തരിക ആളത്തം—ഉണ്ടായിരിക്കുന്നതാണ്

## കൂടാരത്തിന്റെ രണ്ട് തിരശീലകൾ

**IV. നിരപ്പിന്റെ രണ്ടു പടികൾ കൂടാരത്തിന്റെ രണ്ട് തിരശീലകളാൽ വ്യക്തമായി ചിത്രീകരിക്കപ്പെടുന്നു**

- ഒന്നാമത്തെ തിരശീലയെ ഒരു "മറ" എന്ന് വിളിക്കുന്നു—അനുനയിപ്പിക്കുന്ന രക്തത്തിന്റെ നിരപ്പിലൂടെ ദൈവത്തിന്റെ അടുക്കൽ കൊണ്ടുവരപ്പെട്ട ഒരു പാപി മറയിലൂടെ കടന്നുപോകുന്നതിലൂടെ വിശുദ്ധസ്ഥലത്തിലേക്ക് പ്രവേശിച്ചു
- രണ്ടാമത്തെ തിരശീല അതിവിശുദ്ധസ്ഥലത്തായിരുന്ന ദൈവത്തിൽനിന്ന് അപ്പോഴും പാപിയെ വേർപെടുത്തി—അതിവിശുദ്ധസ്ഥലത്ത് ദൈവത്തിന്റെ അടുക്കലേക്ക് പാപി കൊണ്ടുവരപ്പെടത്തക്കവണ്ണം ഈ തിരശീല ചീന്തപ്പെടണമായിരുന്നു

## ഹൃദയങ്ങളിൽ വിശാലതയുള്ളവരായിത്തീരുന്നത്

**V. ദൈവത്തോട് പൂർണ്ണമായി നിരപ്പിക്കപ്പെടുന്നത് നമ്മുടെ ഹൃദയങ്ങളിൽ വിശാലതയുള്ളവരായിരിക്കുവാൻ ഇടയാക്കും**

- നമ്മുടെ ഹൃദയം എത്ര വിശാലമാണെന്നത് ദൈവത്തോടുള്ള നമ്മുടെ നിരപ്പിന്റെ അളവിനെ ആശ്രയിച്ചിരിക്കുന്നു
- ഹൃദയത്തിന്റെ ഇടുക്കം നാം ദൈവത്തോട് ഭാഗികമായി മാത്രമേ നിരപ്പിക്കപ്പെട്ടിട്ടുള്ളൂ എന്നതിന്റെയും, നമ്മുടെ രക്ഷയുടെ ശതമാനം വളരെ കുറവാണെന്നതിന്റെയും ശക്തമായ ഒരു സൂചനയാണ്
- ഒരു കുറ്റം ക്ഷമിക്കുവാനും എന്നിട്ട് അത് മറക്കുവാനും നമുക്ക് സാധിക്കുന്നുവെങ്കിൽ, അത് നാം ഒരു വിശാലനായ വ്യക്തിയായിത്തീർന്നിരിക്കുന്നു, വലിയൊരു ഹൃദയമുള്ള വ്യക്തിയായിത്തീർന്നിരിക്കുന്നു എന്നതിന്റെ അടയാളമാണ്

## നിരപ്പിന്റെ ഫലങ്ങൾ

**VI. നിരപ്പിന്റെ ഫലങ്ങൾ ഇവയാണ്**

- ദൈവത്തോട് സമാധാനം ഉണ്ടായിരിക്കുന്നു
  - ദൈവത്തോടുള്ള നമ്മുടെ നിരപ്പിന്റെ ഒരു ഫലമായി നാം സമാധാനത്തിന്റെ മാർഗത്തിൽ നടക്കുന്നു
- ദൈവത്തിൽ പ്രശംസിക്കുന്നു
  - നാം ദൈവത്തിൽ പ്രശംസിക്കുകയും, ഉല്ലസിക്കുകയും, മഹിമപ്പെടുകയും ചെയ്യുന്നു. ദൈവതേജസ്സിന്റെ പ്രത്യാശയിലും നാം പ്രശംസിക്കുന്നു
- അവന്റെ ജീവനിൽ രക്ഷിക്കപ്പെടുന്നു
  - ദൈവത്തോടുള്ള നമ്മുടെ നിരപ്പിന്റെ ഫലമായി, നാം അവന്റെ ജീവനിൽ രക്ഷിക്കപ്പെടുന്നു

## നിരപ്പിന്റെ ആത്യന്തിക ലക്ഷ്യം

**VII. നിരപ്പിന്റെ ശുശ്രൂഷയിലൂടെ, ക്രിസ്തുവിൽ, വിശാലവും സാർവത്രികവുമായ, ദിവ്യ-മാനുഷ്യ സംയോജനമായിത്തീരുവാൻ പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിലേക്ക് നാം സംയോജിപ്പിക്കപ്പെടുന്നു; തൽഫലമായി, നാം ദൈവത്തിന്റെ വിശുദ്ധമന്ദിരം, അവന്റെ വാസസ്ഥലം, അവന്റെ അതിവിശുദ്ധസ്ഥലം—പുതിയ യെരുശലേം—ആയിത്തീരുന്നു**